8343
14/7/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അനാഥാലയങ്ങളിലെ അന്തേവാസികൾക്ക് പ്രവേശനത്തിനുള്ള വരുമാന പരിധി ഒരു ലക്ഷം രൂപയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

=================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(എം.എസ്.) നം 44/2015/സാനീവ    തിരുവനന്തപുരം, തീയതി, 13.07.2015

---

പരാമർശം : 1. 23.09.2013 ലെ ജി.ഒ (എം.എസ്) 76/13/സാനീവ

2. ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 26.09.2014 ലെ OCB1/154/13 നമ്പർ കത്ത്.

**ഉത്തരവ്**

അനാഥാലയങ്ങളിലെ അന്തേവാസികളുടെ പ്രവേശനത്തിനുള്ള വരുമാനപരിധി ഗ്രാമപ്രദേശങ്ങളിൽ 34,000/- രൂപയായും നഗരപ്രദേശങ്ങളിൽ 38,000/- രൂപയായി ഉയർത്തി പരാമർശം (1) പ്രകാരം ഉത്തരവ്വ പുറപ്പെടുവിച്ചിരുന്നു. എന്നാൽ അനാഥാലയങ്ങളിലേയ്ക്കുള്ള പ്രവേശനത്തിനുള്ള വരുമാന പരിധി ഉയർത്തിയാൽ നിലവിലുള്ള സൗകര്യങ്ങൾ കൂടുതൽ ആളുകൾക്ക് ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ അനാഥാലയങ്ങളിലെ അന്തേവാസികളുടെ പ്രവേശനത്തിനുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയായി ഉയർത്തി നിശ്ചയിക്കണമെന്ന് പരാമർശത്തിലെ കത്തുപ്രകാരം ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അനാഥാലയങ്ങളിലെ അന്തേവാസികളുടെ പ്രവേശനത്തിനുള്ള വരുമാനപരിധി ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. വരുമാനപരിധി ഒരു ലക്ഷം രൂപയായി ഉയർത്തുമ്പോൾ വരുമാനം കുറഞ്ഞവർക്ക് സ്ഥാപനങ്ങളിൽ പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ.ഷാജഹാൻ**

സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (31105/ഡബ്ല്യൂ.ഡബ്ല്യൂ2/15/ധന പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് &ന്യൂ മീഡിയ വിഭാഗം , വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
പഞ്ചായത്തും സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ